**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3286** **26-06-2024 - ൽ മറുപടിയ്ക്ക്**

**നിലവിലെ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ വരുത്തുവാനുദ്ദേശിക്കുന്ന മാറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ വരുത്തുവാനുദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) | വർഷങ്ങൾക്കു ശേഷമാണ് കേരളത്തിൽ പ്രീപ്രൈമറി മുതൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം വരെയുള്ള പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ ആരംഭിച്ചത്. ആദ്യഘട്ടം 1, 3, 5, 7, 9 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ചു. 2, 4, 6, 8, 10 ക്ലാസുകളിലെ പുതുക്കിയ പാഠപുസ്തകങ്ങൾ 2025 ജൂൺ മാസത്തോടെ കുട്ടികളുടെ കൈകളിൽ എത്തിച്ചേരും. കൂടാതെ ഹയർസെക്കൻഡറി പാഠപുസ്തകങ്ങളുടെ പരിഷ്കരണ പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്.<br><br>മാലിന്യ നിർമാർജ്ജനം, ലിംഗനീതി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ട്രാഫിക് ബോധവത്ക്കരണം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം എന്നിവ പുതിയ സ്കൂൾ കരിക്കുലത്തിന്റെ പ്രത്യേകതകളാണ്.<br><br>അധ്യാപക പരിശീലനപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി റസിഡൻഷ്യൽ രീതികൾ ആരംഭിച്ചിട്ടുണ്ട്. പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന മുഴുവൻ അധ്യാപകർക്കും റസിഡൻഷ്യൽ രീതിയിൽ ഏഴ് ദിവസത്തെ പരിശീലനം നൽകി വരുന്നു. സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സിനു വേണ്ടിയും മൂന്ന് ദിവസത്തെ പരിശീലനപ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നുണ്ട്. |
| (ബി) | എസ്.എസ്.എൽ.സി. പരീക്ഷയിലെ മൂല്യനിർണ്ണയ രീതിയിലും ചോദ്യരീതിയിലും എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ; | (ബി) | എസ്.എസ്.എൽ.സി. പരീക്ഷയിലെ മൂല്യനിർണയ രീതിയിലും ചോദ്യരീതിയിലും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നത് പരിഗണിച്ച് വരുന്നു. |
| (സി) | പ്രസ്തുത വിഷയത്തിൽ വിദ്യാഭ്യാസ വിദഗ്ധരുടെ അഭിപ്രായം തേടാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | 'ഗുണമേന്മ വിദ്യാഭ്യാസത്തിനായുള്ള മൂല്യനിർണയ പരിഷ്കരണം' എന്ന വിഷയത്തിൽ 2024 മേയ് 28 ന് തിരുവനന്തപുരത്ത് ഏകദിന വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | കോൺക്ലേവ് സംഘടിപ്പിച്ചിരുന്നു. നിയമസഭ സബ്ജക്ട് കമ്മിറ്റി (വിദ്യാഭ്യാസം) അംഗങ്ങൾ, കരിക്കുലം കമ്മിറ്റി അംഗങ്ങൾ, അധ്യാപക- വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ, പി.ടി.എ ഭാരവാഹികൾ, മാധ്യമ പ്രവർത്തകർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. വിദ്യാഭ്യാസ വിദഗ്ധരുടെ ഉൾപ്പെടെ എല്ലാവരുടേയും അഭിപ്രായം തേടിയതിനു ശേഷമാണ് പരിഷ്കരണത്തെക്കുറിച്ച് ആലോചിക്കുന്നത്. |

സെക്ഷൻ ഓഫീസർ